സ്ഥാപിക്കുന്നതിനായി പുതിയ വ്യവസായ നയത്തിന്റെ ഭാഗമായി വിവിധ തരത്തിലുള്ള ആനുകൂല്യങ്ങളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

ഖാദി ഗ്രാമ വ്യവസായ ബോർഡു വഴി ഗ്രാമ വ്യവസായ യൂണിറ്റുകൾക്ക് കണ്സോർഷ്യം സ്കീം പ്രകാരം നേരിട്ട് വായ്പ അനുവദിക്കുന്നുണ്ട്. കൂടാതെ പലിശ സബ്സിഡിയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയ്ക്ക് മാർജിൻമണി ഗ്രാന്റും ഖാദി ബോർഡ് അനുവദിക്കുന്നുണ്ട്. ഇതിനുപുറമെ സംസ്ഥാന സർക്കാർ പദ്ധതി പ്രകാരം ഖാദി ബോർഡ് നേരിട്ട് ചെറുകിട യൂണിറ്റുകൾ ആരംഭിച്ചുവരുന്നു.

(സി) കൂടുതൽ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിതമാകുകയും അതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും അതിന്റെ ഫലമായി ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് ഒരു പരിധിവരെ ആക്കം കൂട്ടുവാനും കഴിഞ്ഞിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെ മുതൽമുടക്ക്

14 (1355) ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-96, 1996-97, 1997-98, 1998-99 എന്നീ ഓരോ സാമ്പത്തിക വർഷങ്ങളിലേയും കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ കേന്ദ്രഗവൺമെന്റിന്റെ മുതൽമുടക്ക് എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് കേന്ദ്ര മുതൽമുടക്കിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭ്യമായ കണക്കനുസരിച്ച് സംസ്ഥാനത്ത് 95-96-ൽ 484.37 കോടി രൂപയും, 96-97-ൽ 601.74 കോടി രൂപയും 97-98-ൽ 724.04 കോടി രൂപയും ആണ് കേന്ദ്ര ഗവൺമെന്റ് നിക്ഷേപം. 1998-99 സാമ്പത്തിക വർഷത്തെ കണക്ക് ശേഖരിച്ച് വരുന്നതേ ഉള്ളൂ.

(ബി) ഇത് അതതു വർഷങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെ ആകെ നിക്ഷേപത്തിന്റെ 1.68 ശതമാനവും, 2.14 ശതമാനവും, 2.39 ശതമാനവും വീതമാണ്.

'ടെൽക്കി'ന് സാമ്പത്തിക സഹായം

15 (1356) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടെൽക്കിന് ഏതെല്ലാം വിധത്തിൽ എത്ര കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 1998-99 സാമ്പത്തിക വർഷം ടെൽക്ക് ലാഭത്തിലാണോ പ്രവർത്തിച്ചിരുന്നത്; എങ്കിൽ എത്രയായിരുന്നു ലാഭമെന്നറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ടെൽക്കിന്റെ പ്രവർത്തനം തൃപ്തികരമല്ലെന്ന് കാണിച്ചുകൊണ്ടുള്ള നിവേദനം തൊഴിലാളി യൂണിയനുകൾ നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ സ്ഥാപനത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ടെൽക്കിന്റെ പുനരുദ്ധാരണത്തിനായി 31.12.97-ൽ ബി.ഐ.എഫ്.ആർ. അംഗീകരിച്ച പുനരുദ്ധാരണ പദ്ധതി പ്രകാരം ധനകാര്യ സ്ഥാപനങ്ങൾക്കുള്ള കുടിശ്ശിക നൽകാനായി സംസ്ഥാന സർക്കാർ കമ്പനിക്ക് 12.62 കോടി രൂപ (1997-98, 1998-99 വർഷങ്ങളിൽ) നൽകി. ഇതു കൂടാതെ വിൽപ്പന നികുതി കുടിശ്ശികയായ 12.20 കോടി രൂപയും സർക്കാരിന് നൽകേണ്ട ഗ്യാരണ്ടി കമ്മീഷൻ കുടിശ്ശിക തുകയായ 405 ലക്ഷം രൂപയും പ്രസ്തുത പുനരുദ്ധാരണ പദ്ധതിയുടെ കാലയളവിൽ, കമ്പനി തിരിച്ചടയ്ക്കുന്നത് മാറ്റിവച്ചിട്ടുണ്ട്. ഇതിനുപുറമെ 1999-ൽ കമ്പനിക്ക് പ്രവർത്തന മൂലധനമായി ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽനിന്നും 4 കോടി രൂപ ഹ്രസ്വകാല വായ്പയായും, കേരള ഇൻഡസ്ട്രിയൽ റീവൈറ്റലൈസേഷൻ ഫണ്ട് ബോർഡിൽ(K.I.R.F.B.)നിന്നും 10 കോടി രൂപയും സർക്കാർ കമ്പനിക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) അല്ല.

(സി)&(ഡി) നിവേദനം കമ്പനി മാനേജ്മെന്റിന് കിട്ടിയിട്ടുണ്ട്. ടെൽക്കിന്റെ പ്രശ്നങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി സർക്കാർ തലത്തിൽ ചർച്ച ചെയ്തിട്ടുണ്ട്. കമ്പനിയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി ബി.ഐ.എഫ്.ആർ. ബന്ധപ്പെട്ട കക്ഷികളുടെ യോഗം 17.1.2000-ൽ വിളിച്ചു ചേർത്തിരുന്നു. പ്രസ്തുത യോഗത്തിൽ കമ്പനിയുടെ പുനരുദ്ധാരണത്തിനായി ഒരു പുതുക്കിയ പുനരുദ്ധാരണ പദ്ധതി സർക്കാർ/കമ്പനി, മോണിറ്ററിംഗ് ഏജൻസിക്ക് (അതായത് എസ്.ബി.ടി.) മൂന്നു മാസത്തിനുള്ളിൽ നൽകണമെന്നതടക്കമുള്ള ചില നിർദ്ദേശങ്ങൾ ബി.ഐ.എഫ്.ആർ. നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

കെ.എസ്.ഡി.പി.യിൽ നിന്നും വിദഗ്ദ്ധാംഗങ്ങളുടെ രാജി

16 (1357) <u>ശ്രീ. പി.ജെ. ഫ്രാൻസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ ഡയറക്ടർ ബോർഡിൽനിന്നും എത്ര വിദഗ്ദ്ധാംഗങ്ങൾ രാജി വച്ചു; ഇപ്പോൾ എത്ര വിദഗ്ദ്ധാംഗങ്ങൾ നിലവിലുണ്ട്;

(ബി) വിദഗ്ദ്ധാംഗങ്ങൾ രാജി വയ്ക്കുന്നതിന് ആധാരമായി പറഞ്ഞിട്ടുള്ള കാരണങ്ങൾ വ്യക്തമാക്കുമോ; ഇതു സംബന്ധിച്ച് സർക്കാർ എന്തു നടപടി സ്വീകരിച്ചു;

(സി) 1999-2000 സാമ്പത്തിക വർഷത്തിൽ ആരോഗ്യ വകുപ്പ് 675 ലക്ഷം രൂപയുടെ ഓർഡർ കെ.എസ്.ഡി.പി.ക്ക് കൊടുത്തിട്ടും വെറും 165

LIBRARY ARCHIVES Kerala Legislative Assembly